# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*
ന്യായാധികാരി

തീയ്യതി: **2026 മാർച്ച് 28 / 1948 ചൈത്രം 7**

## M.C. No. 03/2026

ഹർജിക്കാരി : തസ്ലീമ.എ.കെ
S/o ഉമ്മർ, വയസ്സ് 35
കുഞ്ഞിക്കണ്ണോത്ത് ഹൗസ്,കരേറ്റ
ഉരുവച്ചാൽ പി.ഒ,പഴശ്ശി അംശം,
കരേറ്റ ദേശം, ഇരിട്ടി താലൂക്ക്
(മാലൂർ പോലീസ് സ്റ്റേഷൻ പരിധി)
***(ഹർജിക്കാർക്കു വേണ്ടി അഡ്വ.***
***സിറാജുദ്ദീൻ.എ.കെ)***

**V/s.**

എതൃകക്ഷികൾ : 1. ഷംസീർ.എം
S/o മുസ്തഫ, വയസ്സ് 40
കൃപ ക്വാർട്ടേഴ്സ്, ആറങ്ങാട്ടേരി,
കൈതേരി
നിർമ്മലഗിരി.പി.ഒ

2. മുസ്തഫ
വയസ്സ് 65, കൃപ ക്വാർട്ടേഴ്സ്,
ആറങ്ങാട്ടേരി,
കൈതേരി, നിർമ്മലഗിരി.പി.ഒ

3. ഷെരീഫ.എം
W/o മുസ്തഫ, വയസ്സ് 62
കൃപ ക്വാർട്ടേഴ്സ്, ആറങ്ങാട്ടേരി,
കൈതേരി, നിർമ്മലഗിരി.പി.ഒ

(കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ പരിധി)
***(എതൃകക്ഷികൾക്കു വേണ്ടി***
***അഡ്വ.അഷിദ.യു )***

# ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം,2005ലെ *(ഇനി മുതൽ '**2005ലെ നിയമം**')* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

2. <u>ആപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :- ഒന്നാം എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവാണ്. രണ്ടും മൂന്നും എതിർകക്ഷികൾ ഭർത്താവിന്റെ മാതാപിതാക്കളാണ്. വിവാഹം 24.08.2008 തീയതി മെരുവമ്പായി ജുമാ മസ്ജിദ് പള്ളിയിൽ വെച്ച് മുസ്ലിം മതാചാര പ്രകാരം നടന്നിട്ടുള്ളതുമാകുന്നു. മേൽ വിവാഹത്തിൽ മുഹമ്മദ് ഷാമിൽ 16 വയസ്സ്, ഫാത്തിമത്ത് സിയ ഫർഹ 10 വയസ്സ്, ഫാത്തിമത്ത് സയ ഫർഹ 6 വയസ്സ് എന്നീ കുട്ടികൾ ജനിച്ചിട്ടുള്ളതാണ്. (ഒന്നാം) എതിർകക്ഷി പയ്യോളി എന്ന സ്ഥലത്ത് സ്വന്തമായി തട്ടുകട നടത്തുന്നതും. പ്രതിമാസം Rs.1,00,000/-(ഒരു ലക്ഷം) രൂപ വരുമാനവും ഉണ്ട്. ഹർജിക്കാരിക്കും മക്കൾക്കും സംരക്ഷണ ചിലവ് യഥാവിധി നൽകാറില്ല. ഹർജിക്കാരിയും മക്കളും താമസിക്കുന്ന വടകവീട്ടിൽ കടന്നുവന്ന് മിക്കവാറും ദിവസങ്ങളിൽ ഹർജിക്കാരിയും മക്കളെയും ശാരീരികമായും മാനസികമായും ഉപദ്രവിക്കുക പതിവായിരുന്നു. ഇടയ്ക്കിടെ എതിർകക്ഷിയുടെ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിൽ ഹർജിക്കാരിയെ നിർബന്ധിച്ച് കൊണ്ടുപോകുകയും അവിടെ കുറച്ചു ദിവസങ്ങളോളം താമസിപ്പിക്കാറുമുണ്ട്. സ്കൂളിൽ പഠിക്കുന്ന ഹാജിക്കാരുടെ മക്കളെ സ്കൂളിൽ അയക്കുവാനോ മറ്റുള്ള കാര്യങ്ങളോ ഒന്നാം എതിർകക്ഷി ചെയ്യാറില്ല. പ്രത്യേകിച്ച് യാതൊരു കാരണവുമില്ലാതെ കുട്ടികളുടെ സ്കൂൾ പ്രവർത്തി ദിവസങ്ങൾ എതിർകക്ഷി മുടക്കാറാണ് പതിവ്. ഇക്കാര്യത്തിൽ എതിർകക്ഷികളുടെ മാതാപിതാക്കളായ രണ്ടും മൂന്നും എത്യകക്ഷികളോട് പരാതിപ്പെട്ടാൽ അവരും എതിർകക്ഷിയുടെ നിലപാടിനെ അനുസരിച്ച് ഉള്ള സമീപനമാണ് സ്വീകരിക്കാറുള്ളത്. അടുത്തിടെ ഒരു ദിവസം വീട്ടിലെ മുഴുവൻ ജോലികളും ചെയ്ത് ക്ഷീണിച്ച് അല്പസമയം ഉറങ്ങിപ്പോയ അവസരത്തിൽ (ഒന്നാം) എതിർകക്ഷി കടന്നുവരികയും ഹാജിക്കാരിയെ വിളിക്കുകയും ചെയ്യുവെങ്കിലും ഉറക്കത്തിൽ ആയിപ്പോയ ഹർജിക്കാരി എതിർകക്ഷി വന്നതും വിളിച്ചതും അറിഞ്ഞില്ല. തുടർന്ന് കട്ടിലിൽ

കിടക്കുകയായിരുന്നു ഹർജിക്കാരിയെ മുടി ചുഴറ്റിപ്പിടിച്ച് കട്ടിലിന്റെ കോണിൽ ഇടിക്കുകയും ബഹളം കേട്ട് ഓടിവന്ന മറ്റു എതിർകക്ഷികൾ ഹർജിക്കാരി പുറത്തേക്ക് ഓടി പോകുന്നത് തടഞ്ഞുനിർത്തി ഒന്നാം എതിർകക്ഷിക്ക് ഹരിക്കാരിയെ പീഡിപ്പിക്കുവാനും മർദ്ദിക്കുവാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ ആറുമാസത്തിനിടയിൽ ഇടയ്ക്ക് മാത്രം ഹർജിക്കാരിയും മക്കളും താമസിക്കുന്ന വാടകവീട്ടിൽ വന്ന് ബഹളം വെച്ച് തിരിച്ചു പോവുക അല്ലാതെ കഴിഞ്ഞ ഒരു വർഷത്തിനു മുകളിലായി ഹർജിക്കാരിയും മക്കളെയും സംരക്ഷിക്കുന്ന കാര്യത്തിലും വീട്ടുവാടക ചിലവുകൾ ഇത്തരത്തിൽ യാതൊന്നും തന്നെ ഒന്നാം എതിർകക്ഷി ചെയ്യാറില്ല. അയൽവാസികളുടെയും നാട്ടുകാരുടെയും കാരുണ്യത്തിലാണ് ഇപ്പോൾ ജീവിതം മുന്നോട്ടു നയിച്ചു പോരുന്നത്. ഇതിനിടയിൽ കഴിഞ്ഞ രണ്ടു വർഷത്തോളമായി ഒന്നാം എതിർകക്ഷി മാഹി അഴിയൂർ എന്ന സ്ഥലത്ത് മറ്റൊരു കല്യാണം കഴിച്ചതായും ഹർജിക്കാരിക്ക് വിശ്വാസയോഗ്യമായ വിവരം ലഭിച്ചിട്ടുണ്ട്.

3. ഇനിയും എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഇത്തരം നിയമവിരുദ്ധമായ പ്രവർത്തനം തുടരുകയാണെങ്കിൽ ഹർജിക്കാരിക്കും മക്കൾക്കും ജീവഹാനി വരെ സംഭവിക്കാൻ ഇടയുണ്ടെന്ന് ഹരജിക്കാരി ഭയക്കുന്നു. ആയതിനാൽ ഹർജിക്കാരിയും മക്കളും താമസിച്ചുവരുന്ന പഴശ്ശി അംശം കരേറ്റ ദേശത്ത് കുഞ്ഞികുന്നോത്ത് ഹൗസ് എന്ന ഭവനത്തിൽ എതിർകക്ഷി പ്രവേശിക്കുന്നതും ഹർജിക്കാരിക്കും മക്കൾക്കും എതിരെ ഗാർഹിക പീഡനം നടത്തുന്നത് തടഞ്ഞുകൊണ്ട് ഒരു ഉത്തരവിനും, ഹർജിക്കാരിക്ക് Rs.10,000/-(പതിനായിരം രൂപയും) മക്കൾക്ക് Rs.5000/-(അയ്യായിരം) രൂപ വീതവും പ്രതിമാസം സംരക്ഷണ ചെലവ് അനുവദിച്ചുകൊണ്ട് ഒരു ഉത്തരവിനും, എതിർകക്ഷിയിൽ നിന്ന് ഹർജിക്കാരി അനുഭവിച്ച ഗാർഹിക പീഡനത്തിന് നഷ്ടപരിഹാരമായി Rs.5,00,000/-(അഞ്ച് ലക്ഷം) രൂപ അനുവദിച്ചുകൊണ്ട് ഒരു ഉത്തരവിനും, ഹർജിക്കാരിയും മക്കളും താമസിച്ചുവരുന്ന വാടക വീടിന്റെ പ്രതിമാസ വാടക Rs.7,000/-(ഏഴായിരം) രൂപ നൽകുവാൻ കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവിനുമാണ് മേൽ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നത്.

4. അപേക്ഷ ഫയലിൽ സ്വീകരിച്ച് എതൃകക്ഷികൾക്കു നോട്ടീസ് അയച്ചു. എല്ലാ എതൃകക്ഷികളും നോട്ടീസ് കൈകപ്പറ്റി കോടതിയിൽ ഹാജരായി. ഇരുകക്ഷികളും മേൽ വ്യവഹാരം *'മീഡിയേഷൻ'* (Mediation) വഴി ഒത്തുതീർപ്പാക്കാൻ സന്നദ്ധരാണെന്ന് കോടതിയെ അറിയിച്ചു. ആയതിൻറെ അടിസ്ഥാനത്തിൽ മേൽ ഹർജി മട്ടന്നൂർ മീഡിയേഷൻ സെൻററിലേക്ക് റഫർ ചെയ്തു. കേസ് കാര്യങ്ങൾ കോടതിക്ക് പുറമേ വച്ച് മീഡിയേറ്റർ മുഖാന്തിരം ഒത്തുതീർപ്പിലെത്തിയതായി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. ഒത്തുതീർപ്പിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഇരുകക്ഷികളും സമ്മതിച്ചു ഒപ്പിട്ടു തയ്യാറാക്കിയ 16.03.2026 തീയ്യതിയിലെ 'മീഡിയേഷൻ കരാർ' (Mediation Agreement) കോടതി മുമ്പാകെ ഹാജരാക്കി.

5. *മീഡിയേഷൻ* കരാറിലെ വ്യവസ്ഥകൾ പരിശോധിച്ചതിൽ, ആയത് നിയമാനുസൃതമാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു. ഇരുകൂട്ടരും ഒപ്പിട്ടു ഫയൽ ചെയ്ത മീഡിയേഷൻ കരാർ ഈ ഉത്തരവിൻറെ ഭാഗമായി കണക്കാക്കേണ്ടതാണ്.

6. <u>ആയതിൻറെ അടിസ്ഥാനത്തിൽ മേൽ അപേക്ഷ താഴെ പറയും പ്രകാരം അനുവദിച്ചു ഉത്തരവാകുന്നു:</u>

**A.** ഹരജിക്കാരിക്ക് പ്രതിമാസം Rs.5,000/- (അയ്യായിരം രൂപ) വീതവും, മുഹമ്മദ് ഷാമിൽ 16 വയസ്സ്, ഫാത്തിമത്ത് സിയ ഫർഹ 10 വയസ്സ്, ഫാത്തിമത്ത് സയ ഫർഹ 6 വയസ്സ് എന്നീ കുട്ടികൾക്ക് പ്രതിമാസം Rs.4,000/- (നാലായിരം രൂപ) വീതവും ജീവനാംശമായി നിശ്ചയിച്ചിരിക്കുന്നു. ആയത് ഒന്നാം എതിർകക്ഷി ഹർജി തിയ്യതി തൊട്ട് എല്ലാ മാസവും നൽകാൻ കല്പിച്ച് ഉത്തരവാകുന്നു. (രണ്ട് മുതൽ നാല് വരെയുള്ള കുട്ടികൾ മൈനറാകയാൽ സംരക്ഷക മാതാവ് എന്ന നിലയിൽ പ്രസ്തുത ജീവനാംശ തുക ഹരജിക്കാരിക്ക് നൽകുവാൻ ഒന്നാം എതിർകക്ഷിയോടു കല്പിച്ചു ഉത്തരവാകുന്നു).

B. പ്രസ്തുത ജീവനാംശ തുക ഭാരതീയ നാഗരിക് സുരക്ഷാ സംഹിത,2023ലെ വകുപ്പ് 144 പ്രകാരം കൂടി ആകുന്നു.

C. ഈ ഉത്തരവിന്റെ ഒരു ശരിപകർപ്പ് വീതം ഇരുകക്ഷികൾക്കും സൗജന്യമായി നൽകേണ്ടതാണ്.

D. ഈ ഉത്തരവിന്റെ ഒരു പകർപ്പ് വീതം SHO മാലൂർ പോലീസ് സ്റ്റേഷൻ, SHO കുത്തുപറമ്പ് പോലീസ് സ്റ്റേഷൻ, വനിത പ്രൊട്ടക്ഷൻ ഓഫീസർ (കണ്ണൂർ ജില്ല) എന്നിവർക്കും അയക്കേണ്ടതാണ്.

*(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിന് പറഞ്ഞ് കൊടുത്ത്, ടിയാൾ രേഖപ്പെടുത്തി തയ്യാറാക്കി തന്ന ഈ വിധി ആവശ്യമായ തെറ്റുതിരുത്തലുകൾ നടത്തി 2026, മാർച്ച് മാസം 28-ാം തീയതി തുറന്ന കോടതിയിൽ പ്രസ്താവിക്കുന്നു.)*

28/03/2026

**ന്യായാധികാരി**
**ഗ്രാമ ന്യായാലയ ഇരിട്ടി, പായം**